# ആഗസ്റ്റ് 2024
# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

ഭാരതം വീണ്ടും സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നു. ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്ന് മുക്തി നേടുക എന്ന ലക്ഷ്യത്തിൽ വൈവിധ്യതയേറെയുള്ള ഈ രാജ്യത്തിലെ എല്ലാ ജനങ്ങളും ഒന്നിച്ചു. ഭൂമധ്യരേഖ എന്നൊക്കെ പറയുംപോലെ കേവലം ഭൂമിശാസ്ത്രപരമായ ഒരു പ്രയോഗം മാത്രമാണ് ഇന്ത്യ എന്നും, അതിനെ ഒരു രാജ്യമായി എങ്ങനെ കണക്കാക്കാനാകും എന്നും വിൻസ്റ്റൺ ചർച്ചിൽ ഒരിക്കൽ പരിഹസിച്ചിട്ടുണ്ട്. ഒരു രാഷ്ട്രത്തെ നിർവ്വചിക്കാനാവശ്യമായ പൊതുഭാഷയോ, പൊതുമതമോ, എല്ലാവരുടെതുമെന്നു പറയാവുന്ന പാരമ്പര്യമോ ചരിത്രാനുഭവങ്ങളോ ഇന്ത്യയ്ക്കില്ല എന്നതായിരുന്നു വാദം. എന്നാൽ നെഹ്റുവിന്റെ വാക്കിൽ: 'ഇന്ത്യ അദൃശ്യമായ ചരടുകളാൽ കോർത്തിണക്കപ്പെട്ടിരിക്കുന്നു'. ഈ അദൃശ്യ ചരട് എന്നത് വ്യത്യസ്ഥതകളെ അംഗീകരിക്കാനും സ്വീകരിക്കാനുമുള്ള പൊതുബോധമായിരുന്നു. ബഹുസ്വരതയുടെ വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്ന സാർവ്വലൗകിക സ്വാതന്ത്ര്യമാണത്. അത് ഏകാത്മകമായ ഒരു വസ്തുവല്ല. മറിച്ച്, ജീവൻ തുടിക്കുന്ന ഒട്ടേറെ സാമൂഹിക- സാംസ്കാരിക- രാഷ്ട്രീയ വൈവിധ്യമുള്ള മനുഷ്യരുടെ സങ്കലനമാണ്. സ്വാതന്ത്ര്യത്തിന് വേണ്ടി നീണ്ട നാൾ ജയിൽവാസം അനുഭവിച്ച നെൽസൺ മണ്ടേല സ്വാതന്ത്ര്യത്തെ നിർവ്വചിക്കുന്നത് 'അവിശ്ചിതം' (indivisible) എന്ന വാക്കിലാണ്. 'ഒരാളിന്റെയെങ്കിലും സ്വാതന്ത്ര്യം അടർത്തിമാറ്റുന്നത് എല്ലാ ജനങ്ങളുടെയും സ്വാതന്ത്ര്യം നിഷേധിക്കുന്നതിന് തുല്യമാണ്' എന്നതാണ് അദ്ദേഹത്തിന്റെ പക്ഷം.

സ്വാതന്ത്ര്യദിനം എന്നത് ഒരു വിമർശനാത്മക വിശകലനത്തിന് നമ്മെത്തന്നെ വിധേയരാക്കേണ്ട അവസരം കൂടിയായി നാം കരുതണം. അഞ്ചു ദശകമായി ലോക രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യത്തെ വിലയിരുത്തുന്ന 'ഫ്രീഡം ഇൻ ദ വേൾഡ്' റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്ന 'ഫ്രീഡം ഹൗസ്' എന്ന സംഘടനയുടെ സ്വാതന്ത്ര്യ സൂചികയിൽ സ്വതന്ത്ര ഇന്ത്യയെ അവർ വിശേഷിപ്പിക്കുന്നത് 'ഭാഗികമായി സ്വതന്ത്രമായ' (partly free) രാജ്യം എന്നാണ്. തിരഞ്ഞെടുപ്പിന്റെയും രാഷ്ട്രീയ പ്രക്രിയകളുടെയും കാര്യത്തിൽ ഇന്ത്യക്ക് മുഴുവൻ മാർക്കും നൽകുമ്പോഴും പൗരാവകാശങ്ങളുടെ കാര്യത്തിലും മറ്റ് സാമൂഹ്യ സാമ്പത്തിക ക്രമങ്ങളിലെ സ്വാതന്ത്ര്യത്തിന്റെ വഴികളിലും ഇന്ത്യ പാതിവഴിയിൽ മാത്രമാണെന്നാണ് അവരുടെ വിലയിരുത്തൽ. ഒരർത്ഥത്തിൽ ഇത് ശരിയല്ലേ? സ്വാതന്ത്ര്യത്തിന്റെ ജീവവായു ശ്വസിക്കുവാൻ ആഗ്രഹിച്ച ഒരു ജനത പലപ്പോഴും സാമൂഹിക അസമത്വത്തിന്റെയും, അസഹിഷ്ണതയുടെയും ഇരകളായി സ്വന്തം രാജ്യത്തു അടിമകളായി ജീവിക്കുന്നത് നാം കാണുന്നു. സ്വതന്ത്ര രാജ്യത്തിന്റെ ദൗത്യത്തെക്കുറിച്ചു പ്രസ്താവിച്ചത് ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവാഹർലാൽ നെഹ്റു ആയിരുന്നു. ആകാശവാണിയിലൂടെ 1947 ഓഗസ്റ്റ് 14 ന് അർധരാത്രിയിൽ നടത്തിയ പ്രസംഗത്തിൽ 'ദീർഘകാലം അടിച്ചമർത്തപ്പെട്ട ഒരു രാജ്യത്തിന്റെ ആത്മാവ് അതിന്റെ ശബ്ദം വീണ്ടെടുക്കുമ്പോൾ, എല്ലാ കണ്ണുകളിലെയും കണ്ണുനീർ തുടച്ചുമാറ്റുക എന്നതാണ് നമ്മുടെ തലമുറയിലെ എറ്റവും വലിയ ലക്ഷ്യം' എന്നദ്ദേഹം സൂചിപ്പിച്ചു. ഇന്ത്യയിലെ എല്ലാ പൗരരുടെയും കണ്ണുകളിലെ കണ്ണുനീർ തുടയ്ക്കുവാൻ ഞങ്ങൾ ബാധ്യസ്ഥരാണ് എന്ന് നമുക്ക് ഒരു പ്രതിജ്ഞ എടുക്കാം. അപ്പോൾ മാത്രമേ ഈ സ്വാതന്ത്ര്യ ദിനം അർത്ഥപൂർണമാകുകയുള്ളൂ.

കൻവർ തീർത്ഥയാത്ര കടന്നു പോകുന്ന സ്ഥലങ്ങളിൽ ഭക്ഷണശാല ഉടമകളുടെ പേര് പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം സ്വതന്ത്രഭാരതത്തിന്റെ മതനിരപേക്ഷതയോടുള്ള കടുത്ത വെല്ലുവിളിയാണ്. ഉത്തർപ്രദേശിന് പിന്നാലെ ഉത്തരാഖണ്ഡ്, മധ്യപ്രദേശ് എന്നിവിടങ്ങളിലും ഇത്തരത്തിലുള്ള നിർദ്ദേശം ഉണ്ടാകുകയും, സുപ്രീം കോടതിയുടെ ഇടപെടലിലൂടെ ഈ വിവാദ നിർദ്ദേശത്തിന് തടയിടുകയും ചെയ്തിരിക്കുന്നു. ആപൽക്കരമായ ഇത്തരം സമീപനങ്ങൾ വെളിവാക്കുന്നത് വിവേചനത്തിന്റെയും അസഹിഷ്ണുതയുടെയും പ്രവൃത്തികളെയാണ്. വ്യത്യസ്ഥതകളെ കോർത്തിണക്കി സാമുദായ സൗഹാർദ്ദം സുദൃഡമാക്കാൻ കഴിഞ്ഞതാണ് ഭാരതത്തിന്റെ മഹത്തായ പാരമ്പര്യം. ജാതിയുടെയോ, മതത്തിന്റെയോ, നിറത്തിന്റെയോ, വംശത്തിന്റെയോ, ഭാഷയുടെയോ, രാഷ്ട്രീയ നിലപാടുകളുടെയോ വ്യത്യാസമില്ലാതെ എല്ലാവർക്കും തുല്യത ഉറപ്പാക്കുവാൻ ഭരണാധികാരികൾക്ക് സാധിക്കണം. അവിടെയാണ് യഥാർത്ഥ സ്വാതന്ത്യം ഓരോ പൗരനും അനുഭവിക്കുവാൻ സാധിക്കുന്നത്. വിവേചനവും അസഹിഷ്ണുതയുമല്ല, ബഹുസ്വരതയും ജനാധിപത്യവും മതനിരപേക്ഷതയുമാണ് പരിപോഷിപ്പിക്കപ്പെടേണ്ടത്. അവ ഉറപ്പാക്കുന്നതിൽ

നീതിപീഠത്തിന്റെ ജാഗ്രതയും ഇടപെടലും തുടർന്നും ഉണ്ടാകുമെന്ന് ആശിക്കാം.

പല രാജ്യങ്ങളിലും രാഷ്ട്രീയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന സമയമാണിത്. ദീർഘ നാളുകൾക്ക് ശേഷം ബ്രിട്ടനിൽ ലേബർ പാർട്ടി അധികാരത്തിൽ വന്നിരിക്കുന്നു. ഫ്രഞ്ച് പാർലമെന്റായ നാഷണൽ അസംബ്ലിയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ തീവ്രവലതുകളെ പിറകിലാക്കി ഇടതുസഖ്യം അപ്രതീക്ഷിത മുന്നേറ്റം നടത്തി. അമേരിക്കൻ ഐക്യനാടുകൾ പ്രസിഡന്റ് തെരഞ്ഞെടുപ്പിന്റെ തിരക്കിലാണ്. എന്നാൽ പ്രസിഡന്റ് സ്ഥാനാർത്ഥി ശ്രീ. ഡൊണാൾഡ് ട്രംപിനു നേരെ നടന്ന വധശ്രമം ഞെട്ടിപ്പിക്കുന്നതും തികച്ചും അപലപനീയവുമാണ്. ഇന്ത്യയുടെ തൊട്ടടുത്ത രാജ്യമായ ബംഗ്ലാദേശ് ആളി കത്തുന്നതും ഏകദേശം 140 ഓളം വിദ്യാർത്ഥികൾ കൊല്ലപ്പെട്ടതും ഇവിടെ അധികമാരും ചർച്ച ചെയ്തു കണ്ടില്ല. ഏതാണ്ട് 17 കോടി ജനങ്ങൾ ഉള്ള, ലോകത്തിലെ തന്നെ ജനസാന്ദ്രത കൂടിയ രാജ്യമായ ബംഗ്ലാദേശിൽ സമാധാനം നിലനിൽക്കേണ്ടത് നമ്മുടെയും ആവശ്യമാണ്. ഇസ്രായേൽ-പലസ്തീൻ സംഘർഷം രൂക്ഷമായി ത്തന്നെ തുടരുന്നു. ഗാസയുടെ പ്രദേശങ്ങളിൽ കുട്ടികളും രോഗികളും അടക്കം അനേകർ മരിച്ചു വീഴുന്നു, മറ്റനേകർ ഭവനരഹിതരാകുന്നു. യുദ്ധം അവസാനിപ്പിക്കുകയാണ് ഇതിനൊരു പരിഹാരം. ലോകസമാധാനത്തിന് വേണ്ടി പ്രാർത്ഥിക്കുവാനും പ്രവർത്തിക്കുവാനും നാം ഓരോരുത്തരും കടപ്പെട്ടിരിക്കുന്നു.

തിരുവനന്തപുരം ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനിടയിൽ ഒഴുക്കിൽപ്പെട്ട് കാണാതായ കരാർ തൊഴിലാളി ജോയിയുടെ മരണം കേരള സമൂഹത്തിന്റെ മനസ്സാക്ഷിയെ പിടിച്ചു കുലുക്കുന്ന സംഭവമായിരുന്നു. 'മാലിന്യം തോട്ടിൽ തള്ളുന്നത് ആളുകളെ കൊല്ലുന്നതിന് തുല്യമാണെന്നും മാലിന്യ നിർമാർജ്ജനത്തിൽ ജനത്തിന്റെ കണ്ണ് തുറപ്പിക്കുന്ന ഇടപെടൽ ഉണ്ടാവണമെന്നും' കേരള ഹൈക്കോടതി ആവശ്യപ്പെട്ടു. ജോയി എന്ന ദിവസക്കൂലി തൊഴിലാളിയെ കുരുതികൊടുത്തത് മാലിന്യം അലസമായി വലിച്ചെറിയുന്ന നാം ഓരോരുത്തരുമാണെന്നല്ലേ കോടതി നിരീക്ഷിച്ചത്. വിദ്യാഭ്യാസം ഏറെയുണ്ടെന്നഭിമാനിക്കുന്ന കേരള സമൂഹത്തിന്റെ ഉള്ളിലെ വൈകൃതമാണ് മാലിന്യങ്ങളായി റോഡിലും തെരുവുകളിലും ജലസ്രോതസ്സുകളിലും പ്രത്യക്ഷപ്പെടുന്നത്. മാലിന്യ കൂമ്പാരങ്ങൾ നിർമാർജ്ജനം ചെയ്യുന്നതിൽ മനുഷ്യനുപകരം യന്ത്രങ്ങൾ ഉപയോഗിക്കുവാൻ ഇന്നും നമുക്കാവുന്നില്ല. ജോയിയുടെ മരണത്തെ തുടർന്ന് അജൈവ മാലിന്യ നിർമാർജ്ജനം സംബന്ധിച്ച നിയമങ്ങൾ കുറേക്കൂടെ കർക്കശമായി നടപ്പിലാക്കുവാൻ അധികൃതർ നടപടികളെടുക്കുന്നു എന്നറിയുന്നത് ആശ്വാസകരമാണ്. നിയമങ്ങൾക്കപ്പുറം മാലിന്യ നിർമാർജ്ജനം സംബന്ധിച്ച അവബോധം നാം ഓരോരുത്തർക്കും ഉണ്ടാകേണ്ടതും അവ നടപ്പിലാക്കേണ്ടതും ആവശ്യമാണ്.

കേരളത്തിന്റെ പൊതുജനാരോഗ്യ രംഗം ഗുരുതര പ്രതിസന്ധിയിലാണ്. പഴയതും പുതിയതുമായ സാംക്രമിക രോഗങ്ങൾ കേരളത്തെ വല്ലാതെ കീഴടക്കുന്നു. ആശുപത്രികൾ തിങ്ങിനിറയുന്നു. ആരോഗ്യ പ്രവർത്തകർക്കും മരുന്നിനും ക്ഷാമം നേരിടുന്നു. കേരളത്തിൽ ആറ് വർഷം മുമ്പ് ആദ്യമായി റിപ്പോർട്ട് ചെയ്ത നിപ്പ ഇപ്പോൾ അഞ്ചാം തവണയും എത്തി 14 വയസ്സുകാരന്റെ ജീവനെടുത്തു. കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുന്നു. വൈറസിന്റെ വ്യാപനം തടയുന്നതിൽ ഗവൺമെന്റ് എടുത്ത എല്ലാ നടപടികളെയും ശ്ലാഘിക്കുന്നു. സാംക്രമിക രോഗങ്ങളുടെ നിയന്ത്രണത്തിന് ശക്തമായ ആരോഗ്യ സംവിധാനവും ശുചിത്വമുള്ള പരിസരങ്ങളുമാണ് ആവശ്യം. നമ്മുടെ ഭവനങ്ങളും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കേണ്ട ഉത്തരവാദിത്വം നമ്മുടേത് തന്നെയാണെന്ന് വിസ്മരിക്കാതിരിക്കാം.

കർണാടകയിലെ അങ്കോലയ്ക്കടുത്തുള്ള ഷിരൂരിൽ മണ്ണിടിച്ചിലിൽ ഏതാനുംപേർ മരിച്ചു. കേരളക്കാരനായ അർജുനെയും അദ്ദേഹം ഓടിച്ചിരുന്ന ലോറിയും കണ്ടെത്താനുള്ള പരിശ്രമങ്ങൾ പത്താം നാളിലും തുടരുന്നു. ശാസ്ത്രീയമല്ലാത്ത പ്രചരണങ്ങൾ നൽകി തിരച്ചിലിനെയും രക്ഷാ പ്രവർത്തകരെയും വഴിതെറ്റിച്ചു എന്ന ഒരു വാദം നിലവിലുണ്ട്. ദുരന്ത നിവാരണം അതിൽ പ്രത്യേക പരിശീലനം നടത്തിയവർ ചെയ്യേണ്ട ഒരു കാര്യം ആണ്. അല്ലാത്തവർക്ക് വ്യത്യസ്ത രീതിയിൽ അവരെ സഹായിക്കാമല്ലോ. നമ്മുടെ അങ്കോല ആശ്രമവും കുംത മിഷൻ സെന്ററും രക്ഷാപ്രവർത്തകർക്കു ഭക്ഷണവും പാനീയവും ഒരുക്കി നൽകിയെന്ന റിപ്പോർട്ടുകൾ അഭിമാനത്തോടെയാണ് വായിച്ചത്. ആ ഉദ്യമത്തിൽ പ്രവർത്തിച്ച എല്ലാവരെയും അഭിനന്ദിക്കുന്നു.

നമ്മുടെ സഭയുടെ പ്രതിനിധി മണ്ഡലം സെപ്തംബർ 17 മുതൽ 20 വരെ തിരുവല്ല അലക്സാണ്ടർ മാർത്തോമ്മാ സ്മാരക ഹാളിൽ കൂടുന്നു. സഭയുടെ വളരെ പ്രാധാന്യമുള്ള ഒരു കൂടിവരവാണല്ലോ ഇത്. 2024 ഫെബ്രുവരി മാസം ചേർന്ന പ്രത്യേക പ്രതിനിധി മണ്ഡലത്തിൽ ചർച്ച ചെയ്ത് പൂർത്തീകരിക്കുവാൻ സാധിക്കാഞ്ഞ സഭാ ഭരണഘടനാ ഭേദഗതി പ്രമേയങ്ങൾ സെപ്തംബർ മാസം ചേരുന്ന മണ്ഡലത്തിൽ വിഷയീഭവിക്കേണ്ടതായിട്ടുണ്ട്. മണ്ഡലാംഗങ്ങൾ ചേർന്ന് വരുമ്പോൾ പ്രാർത്ഥനാ പൂർവ്വം ഇതിൽ സംബന്ധിക്കണം. വ്യക്തി താല്പര്യങ്ങൾക്കപ്പുറമായി സഭയുടെ പൊതുവായ നന്മകളെ ലക്ഷ്യമിട്ടു പ്രവർത്തിക്കുവാൻ നമുക്കേവർക്കും കഴിയണം. സഭ സമൂഹത്തിന് വേണ്ടിയാണല്ലോ നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ സമൂഹം അഭിമുഖീകരിക്കുന്ന എല്ലാ പ്രതിസന്ധികളും സഭയുടെ പ്രതിസന്ധി കൂടെയാണ്. ഇത്തരം പ്രതിസന്ധികളിലാണ് സഭയുടെ ദൗത്യം വെളിവാകേണ്ടത്. കാലഘട്ടത്തിന്റെ സമസ്യകളെ തിരിച്ചറിഞ്ഞു പുതിയ വെല്ലുവിളികളെ അഭിമുഖീകരിക്കുവാൻ സഭയെ സജ്ജമാക്കേണ്ട ഉത്തരവാദിത്വം ഓരോ മണ്ഡല അംഗത്തിനും ഉണ്ടെന്ന ബോധ്യം നമ്മെ ഭരിക്കട്ടെ.

സെറാംപൂർ സർവ്വകലാശാലയുടെ റിസൽട്ട് പ്രസിദ്ധീകരിച്ചു. നമ്മുടെ സെമിനാരികളിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്ക് ബി. ഡി., എം. റ്റി. എച്ച്., കോഴ്സുകൾക്ക് ഫസ്റ്റ് ക്ലാസ്സുകളുൾപ്പടെ ഉന്നത വിജയം കൈവരിക്കുവാൻ സാധിച്ചു എന്നത് അഭിമാനകരമാണ്. വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും അഭിനന്ദിക്കുന്നു. വൈദീക പാഠശാലകളുൾപ്പെടെ നമ്മുടെ എല്ലാ വിദ്യാലയങ്ങളുടെയും ഭൗതീക സാഹചര്യങ്ങളും പാഠ്യ - പാഠ്യേതര

പദ്ധതികളും കൂടുതൽ മെച്ചപ്പെടുത്തുവാനുതകുന്ന പദ്ധതികൾ ആവിഷ്‌ക്കരിക്കേണ്ടിയിരിക്കുന്നു. പൊതു വിദ്യാലയങ്ങളുടെ പുരോഗതി ഉറപ്പാക്കുവാൻ പ്രാദേശിക ഇടവകകൾക്ക് കൂടുതൽ ഇടപെടലുകൾ നടത്താവുന്നതാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് നടത്തപ്പെടുന്ന പൊതു പ്രവേശന പരീക്ഷകളിൽ കേരളത്തിൽ നിന്നുമുള്ള വിദ്യാർത്ഥികൾ കാര്യമായി പിൻതള്ളപ്പെടുന്നു എന്ന നിരീക്ഷണം ശക്തമാണ്. ഇതിന്റെ അടിസ്ഥാന കാരണം വിലയിരുത്തപ്പെടണം. 10, 12 ക്ലാസ്സുകളിൽ ഉയർന്ന മാർക്ക് നേടുവാൻ വിദ്യാർത്ഥികളെ ഒരുക്കുക എന്നതിലുപരി ഐ. ഐ. ടി., എൻ. ഐ. റ്റി., വി. ഐ. റ്റി., പോലുള്ള സ്ഥാപനങ്ങളിലും പ്രവേശനം ലഭിക്കത്തക്കവിധം വിദ്യാർത്ഥികളെ സജ്ജമാക്കേണ്ട പഠനപ്രക്രിയകൾ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. നമ്മുടെ എല്ലാ എയ്ഡഡ് - അൺ എയ്ഡഡ് വിദ്യാലയങ്ങളും ഇത് ഗൗരവമായിക്കാണുകയും അദ്ധ്യാപകർ അതിനുതകുന്ന അദ്ധ്യയന രീതികളും ക്രമങ്ങളും പ്രായോഗികമാക്കുകയും വേണം.

ദേശീയ മെഡിക്കൽ പ്രവേശന പരീക്ഷയായ നീറ്റിന്റെ ഫലം റദ്ദാക്കണ്ട എന്ന സുപ്രീം കോടതിയുടെ മൂന്നംഗ വിധി ആശ്വാസകരമാണ്. 23 ലക്ഷം വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കുന്ന അനിശ്ചിതത്വത്തിനാണ് ഇതിലൂടെ പരിഹാരമായത്. ചോദ്യച്ചോർച്ച വ്യാപകമല്ലെന്നും, പരീക്ഷയുടെ പവിത്രതയെ ബാധിക്കുന്ന പിഴവുകൾ അധികമുണ്ടായില്ലാ എന്നുമാണ് കോടതിയുടെ നിരീക്ഷണം. എന്നിരുന്നാലും ഇത്തരം ബൃഹത്തായ ദേശീയ പരീക്ഷകളുടെ നടത്തിപ്പ് കുറ്റമറ്റതാക്കാനുള്ള ജാഗ്രത സ്വീകരിക്കുകയാണ് ഉത്തമം. ഇന്ത്യയിലെ 2024-25 വർഷത്തെ ബജറ്റ് കേന്ദ്രധനമന്ത്രി, ശ്രീമതി നിർമല സീതാരാമൻ അവതരിപ്പിച്ചു. അഞ്ച് വർഷത്തിനുള്ളിൽ ഒരു കോടി യുവാക്കൾക്ക് മികച്ച കമ്പനികളിൽ ഇന്റേൺഷിപ്പ് വാഗ്ദാനം ചെയ്യുന്ന സമഗ്ര പദ്ധതി സർക്കാർ ആരംഭിക്കും എന്ന തീരുമാനവും വിദ്യാർത്ഥികൾക്കുള്ള പഠന സ്കോളർഷിപ്പുകൾ ഉയർത്താനുള്ള നിർദ്ദേശവും ആദിവാസി സമൂഹങ്ങളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി പ്രധാനമന്ത്രി ജനജാതിയ ഉന്നത്ത് ഗ്രാമ അഭിയാൻ ആരംഭിക്കും എന്ന തീരുമാനവും ഏറെ അഭിനന്ദനം അർഹിക്കുന്നു. എന്നാൽ വിലക്കയറ്റം ഫലപ്രദമായി നിയന്ത്രിക്കാനാവശ്യമായ നടപടികൾ ബജറ്റിൽ ഇല്ല എന്നതും എല്ലാ സംസ്ഥാനങ്ങൾക്കും തുല്യ പ്രാധാന്യം നൽകി വിഭവ വിതരണം പ്ലാൻ ചെയ്യുവാൻ കഴിഞ്ഞിട്ടില്ല എന്നതും വിമർശനമായി പ്രതിപക്ഷം ഉയർത്തിക്കാണിക്കുമ്പോൾ അത് അർഹിക്കുന്ന പ്രാധാന്യത്തോടു പരിഹരിക്കുവാൻ ഭരിക്കുന്ന കക്ഷികൾ ശ്രദ്ധിക്കേണ്ടതും ആവശ്യമാണ്.

മെത്രാപ്പൊലീത്തയുടെ പട്ടത്വ സുവർണ്ണ ജൂബിലിയുടെ ഭാഗമായി സഭ ആവിഷ്കരിച്ച അഭയം ഭവന പദ്ധതിയിൽ മഞ്ഞത്തോട്ടിലെ 5 ആദിവാസി കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചു നല്കി. പുതിയ വീടുകളുടെ സമർപ്പണം ജൂലൈ 24ന് രാവിലെ 10ന് നിർവ്വഹിച്ചു. ടാർപ്പാളിൻ മറച്ച കൂരകളിൽ കഴിഞ്ഞ ളാഹ മഞ്ഞത്തോട്ടിലെ ആദിവാസി കുടുംബങ്ങൾക്ക് ഇനി അടച്ചുറപ്പുള്ള വീടുകളിൽ സുരക്ഷിതമായി അന്തിയുറങ്ങാം. അറുപതോളം കുടുംബങ്ങൾ ദുഷ്ക്കരമായ സാഹചര്യത്തിൽ ഇവിടെ കഴിയുന്നു. എല്ലാ ആദിവാസി കുടുംബങ്ങൾക്കും അടച്ചുറപ്പുള്ള വീടും ചികിത്സയും യാഥാർത്ഥ്യമാക്കണം എന്ന താല്പര്യം സഭയ്ക്കുണ്ട്. സഭയുടെ സാമൂഹ്യ സേവന വിഭാഗമായ കാർഡിന്റെ നേതൃത്വത്തിലായിരുന്നു ഭവന നിർമ്മാണം. കഴിഞ്ഞ 47 വർഷമായി ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ സാമൂഹ്യ ക്ഷേമ പ്രവർത്തനം നടത്തി വരുന്ന കാർഡിന്റെ നേതൃത്വത്തിൽ മൂഴിയാർ, അട്ടത്തോട്, ളാഹ മഞ്ഞത്തോട് ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പുകൾ, സൗജന്യഭക്ഷണ കിറ്റു വിതരണം, കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം ഉൾപ്പെടെ നിരവധി ക്ഷേമ പ്രവർത്തനങ്ങൾ നടത്തി വരികയായിരുന്നു. വനമേഖലയിൽ കഴിഞ്ഞിരുന്ന ഇവരുടെ ജീവിതം തീർത്തും ദുരിത പൂർണ്ണമായിരുന്നു. ദാരിദ്ര്യത്തിന് പുറമേ, വന്യമൃഗങ്ങളുടെ കടന്നുകയറ്റവും ഇവരുടെ ജീവിതം ദുസ്സഹമാക്കി. അടുത്ത കാലത്തായി സർക്കാർ ഇടപെടലിൽ 23 കുടുംബങ്ങൾക്ക് ഒരു ഏക്കർ ഭൂമി വീതം ലഭ്യമായതോടെയാണ് ജില്ലാ കളക്ടറായിരുന്ന ഡോ. ദിവ്യ എസ്. അയ്യരുടെ താത്പര്യപ്രകാരം 5 കുടുംബങ്ങൾക്കായി മാർത്തോമ്മാ സഭ വീടൊരുക്കിയത്. സഭ ആവിഷ്കരിച്ച അഭയം പദ്ധതിയിലൂടെ 75 കുടുംബങ്ങൾക്ക് വീടൊരുക്കുകയായിരുന്നു ലക്ഷ്യമെങ്കിലും ഇപ്പോൾ 150 വീടുകളാണ് ഭവന രഹിതർക്കായി പൂർത്തിയാകുന്നത്. സുമനസ്സുകളുടെ സഹായ സഹകരണത്തിന് നന്ദി അറിയിക്കുന്നു. കൂടുതൽ ആളുകൾ സാമ്പത്തിക സഹായം നൽകുന്നത് അഭിലഷണീയമാണ്.

നമ്മുടെ സഭാംഗമായ അഡ്വ. ജോർജ് ചെറിയാൻ കേരളാ ഹൈക്കോർട്ട് സീനിയർ അഡ്വക്കേറ്റ്സ് അസോസിയേഷൻ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം എറണാകുളം ശാലേം മാർത്തോമ്മാ ഇടവകാംഗമാണ്. ന്യൂസിലാന്റിലെ ക്രൈസ്റ്റ് ചർച്ചിൽ നടന്ന കോമൺവെൽത്ത് ഫെൻസിംഗ് ചാമ്പ്യൻഷിപ്പിൽ റായ്പൂർ മാർത്തോമ്മാ ഇടവകാംഗം കുമാരി റീബ ബെന്നി ഉൾപ്പെട്ട ഇന്ത്യൻ ടീം സിൽവർ മെഡൽ കരസ്ഥമാക്കി എന്നത് അഭിമാനകരമായ നേട്ടമാണ്. ഈ പ്രിയപ്പെട്ടവരെ പ്രത്യേകമായി അനുമോദിക്കുന്നു.

വരിക്കാട് ബഥേൽ ആശ്രമം മദറായി സിസ്റ്റർ അന്നാ ജോണും അസിസ്റ്റന്റ് മദറായി സിസ്റ്റർ ജെസ്സീന ജോസഫും ചുമതലയേറ്റു എന്നറിയുന്നത് സന്തോഷകരമാണ്. ഒരു നൂറ്റാണ്ടിലേറെക്കാലമായി തിരുവല്ലയിലും പരിസര പ്രദേശങ്ങളിലും സുവിശേഷ സാക്ഷ്യവും സാമൂഹ്യ സേവനവും നടത്തുന്ന ബഥേൽ ആശ്രമമെന്ന സന്യസ്ഥ സമൂഹത്തെ തുടർന്നും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർഥിക്കുന്നു. പുതിയ സാരഥികൾക്ക് എല്ലാ ആശംസകളും.

കേരളത്തിന്റെ ആരോഗ്യ രംഗത്ത് അതുല്യ സംഭാവനകൾ നൽകിയ ഡോ. എം. എസ്. വല്യത്താന്റെ നിര്യാണം നമ്മുടെ ദേശത്തിന് ഒരു വലിയ നഷ്ടമാണ്. ആരോഗ്യ ശാസ്ത്രത്തോടൊപ്പം ആരോഗ്യ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിലും അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചു. നമ്മുടെ സഭയുടെ ശാസ്ത്ര അവാർഡ് ആയ മേല്പാടം ആറ്റുമാലിൽ ജോർജ്കുട്ടി മെറിറ്റ് അവാർഡ് ആദ്യമായി ഡോ. എം. എസ്. വല്യത്താന് ആണ് നല്കിയത് എന്നത് ഈ യവസരത്തിൽ അനുസ്മരിക്കുന്നു. പ്രശസ്ത ധനതത്വ ശാസ്ത്രജ്ഞനും സാമൂഹ്യ ചിന്തകനുമായിരുന്ന ഡോ.

സി. ടി. കുര്യന്റെ വേർപാട് ഭാരതത്തിലെ ക്രൈസ്തവ സഭകൾക്ക് ഒരു വലിയ നഷ്ടമാണ്. രാഷ്ട്രത്തിന്റെ വികസന പ്രവർത്തനങ്ങൾ ദരിദ്ര ജനതയെ എപ്രകാരം ബാധിക്കും എന്നതിനെപ്പറ്റിയായിരുന്നു അദ്ദേഹത്തിന്റെ മുഖ്യ പഠനം. ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ സീനിയർ വൈദീകനും, ദൈവശാസ്ത്രജ്ഞനും, സമൂഹമാകെ ബഹുമാനിക്കുന്ന ആത്മീയ ഗുരുവുമായിരുന്ന ഫാ. ടി. ജെ. ജോഷ്വയുടെ നിര്യാണം നമ്മെ ഏറെ ദുഖിപ്പിക്കുന്നതാണ്. നമ്മുടെ ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്ക്കോപ്പാ തിരുമേനിയുടെ ഇളയ സഹോദരൻ ശ്രീ. കെ. വി. ജോൺസൺ നിര്യാതനായി. തലവടി പടിഞ്ഞാറെക്കര മാർത്തോമ്മാ ഇടവകാംഗങ്ങളായ നീരേറ്റുപുറം മുളയ്ക്കൽ ജിജോ, ഭാര്യ ലിനി ഇവരുടെ മക്കൾ ഐറിൻ, ഐസക്ക് എന്നിവർ കുവൈറ്റിൽ വെച്ച് മരണമടഞ്ഞു. കുവൈറ്റ് സെന്റ് പീറ്റേഴ്സ് ഇടവകയിലുൾപ്പെട്ട ഒരു സജീവ കുടുംബമായിരുന്നു ജിജോയുടേത്. ഈ പ്രീയപ്പെട്ടവരിലൂടെ സമൂഹത്തിനും സഭയ്ക്കും ലഭിച്ചിട്ടുള്ള നന്മകളെയും നല്ല നേതൃത്വത്തെയും ഓർത്ത് ദൈവത്തെ സ്തുതിക്കുകയും അവരുടെ നിര്യാണത്തിൽ മാർത്തോമ്മാ സഭയുടെ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

ആഗസ്റ്റ് മാസം ആരാധനയിൽ ധ്യാനിക്കുന്ന ചിന്താവിഷയങ്ങളും അതിന് സഹായകരമാകുന്ന വചന ഭാഗങ്ങളുമെല്ലാം ദൈവജനത്തിന്റെ ദൗത്യ ബോധത്തെ ശക്തീകരിക്കാനുള്ളവയാണ്. സഭ ആന്തരികമായി ശക്തീകരിക്കപ്പെടുന്നതിലൂടെ മാത്രമേ ദൗത്യത്തിൽ നില നിൽക്കാനും മുന്നേറാനും കഴിയുകയുള്ളു. ആഗസ്റ്റ് 4 ഞായർ സഭ 'മിഷൻ സൺഡേ' ആയി ആചരിക്കുന്നു. കർത്താവ് സഭയെ ഭരമേൽപിച്ച ദൈവരാജ്യ ശുശ്രൂഷ ഉത്സാഹത്തോടെ നാം ചെയ്യേണ്ടതുണ്ട്. ദൈവത്തെ അനുഭവിച്ചവർ, ആ അനുഭവം ലോകത്തിന്റെ നന്മക്കു ആവശ്യമാവുകയാൽ മറ്റുള്ളവരോട് പങ്കു വെക്കുക തന്നെ ചെയ്യും. സുവിശേഷം രക്ഷക്കായി ദൈവശക്തി ആകുന്നുവല്ലോ. മനുഷ്യത്വത്തെ വികലമാക്കുകയും ആവാസ വ്യവസ്ഥയെ തകർക്കുകയും ചെയ്യുന്ന സകല നിഷേധ വികാരങ്ങൾക്കുമെതിരെ മനുഷ്യ ബോധത്തെ ഉണർത്തുന്ന നടപടികൾ സ്വീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുവാൻ സഭ വിളിക്കപ്പെട്ടിരിക്കുന്നു. മിഷൻ സൺഡേ ആചരണം അർത്ഥപൂർണമാകുവാൻ ദൈവം സഹായിക്കട്ടെ.

ഭാരത സ്വാതന്ത്ര്യത്തിന്റെ വാർഷിക ആഘോഷങ്ങളുടെ പശ്ചാത്തലത്തിൽ, ആഗസ്റ്റ് 11 ഞായറാഴ്ച നാം 'ക്രിസ്തുവിലൂടെയുള്ള സ്വാതന്ത്ര്യം' എന്ന വിഷയം ധ്യാനിക്കുകയാണ്. സകല പാരതന്ത്ര്യങ്ങൾക്കും എതിരെയുള്ള ഉണർത്തു പാട്ടാണ് തിരുവെഴുത്തുകൾ. സത്യം അറിയുന്നതിലൂടെയാണ് സ്വാതന്ത്ര്യം അനുഭവമാകുന്നത്. അറിഞ്ഞ സത്യത്തിൽ നിലനില്ക്കുന്നതാണ് സത്യത്തെ ഉപാസിക്കുന്നവരുടെ മുൻപിലുള്ള വെല്ലുവിളി. സത്യത്തെ തമസ്കരിക്കുന്നതിനും ഭോഷ്കിനെ സത്യമായി അവതരിപ്പിക്കുന്നതിനും ലാഭമോഹമുള്ള സമൂഹം ശ്രമിക്കുമ്പോൾ, സത്യത്തിന്റെ സാക്ഷികൾ ആകാൻ ശ്രമിക്കുന്നവർക്ക് കുരിശിന്റെ അനുഭവം ഉണ്ടായി വന്നേക്കാം. എന്നാൽ ഉയിർത്തെഴുന്നേൽപ്പിന്റെ ബോധ്യത്തിൽ സത്യത്തിനു വേണ്ടി നിലകൊള്ളാൻ വിശ്വാസികൾക്കു കഴിയേണ്ടതുണ്ട്. ദൈവ രാജ്യമൂല്യങ്ങളിൽ നില നിന്നു കൊണ്ടു മാത്രമേ ദൈവരാജ്യത്തിന്റെ, അതായത് സത്യത്തിന്റെയും നീതിയുടെയും ധർമത്തിന്റെയും, ജീവിക്കുന്ന സാക്ഷികൾ ആകാൻ സഭക്കു കഴിയുകയുള്ളു. അങ്ങനെ സാക്ഷികൾ ആകുന്നതിലൂടെ മാത്രമേ ലോകത്തെ വിമോചന പാതയിൽ നയിക്കുന്ന ദൈവിക പദ്ധതിയിൽ പങ്കാളികൾ ആകാൻ നമുക്ക് കഴിയുകയുള്ളു.

ആഗസ്റ്റ് 18 ഞായറാഴ്ച നവീകരണ ഞായർ ആയി ആചരിക്കുകയാണല്ലോ. നവീകരണ നായകരായിരുന്ന പാലക്കുന്നത്ത് അബ്രഹാം മൽപ്പാൻ അച്ചനും കൈതയിൽ ഗീവർഗീസ് മൽപ്പാൻ അച്ചനും മലയാളത്തിൽ വിശുദ്ധ കുർബാനയുടെ ഭാഗങ്ങൾ ചൊല്ലിക്കൊണ്ടാണ് നവീകരണത്തിന്റെ രഥചക്രങ്ങൾ ചലിപ്പിച്ചു തുടങ്ങിയത്. ഭാഷയുടെ സങ്കുചിതത്വം ആരാധനയ്ക്കും തദ്വാരാ വിശ്വാസികളുടെ ദൈവാനുഭവത്തിനും തടസ്സമാകരുത് എന്ന നവീകരണ മൂല്യമാണ് മലങ്കര സഭയുടെ നവീകരണ പ്രക്രിയയിലെ പ്രധാന ശക്തീകരണങ്ങളിൽ ഒന്ന്. ജാതി, മത, വംശീയ, ലിംഗപരമായ മതിൽ കെട്ടുകൾ ദൈവാനുഭവത്തിനു തടസ്സം ഉണ്ടാക്കുമ്പോൾ അവയെ അതിജീവിക്കുന്നതിനുള്ള ആർജ്ജവം ഉണ്ടാക്കിയെടുക്കുന്ന ഊർജ്ജമാണ് നവീകരണ ഞായറാഴ്ച ആചരണം കൊണ്ട് നാം നേടി എടുക്കേണ്ടത്. ചരിത്രപരമായ വേരുകളും തുടർച്ചയും നിലനിർത്തി ക്കൊണ്ട്, മനുഷ്യോന്മുഖമായ പുരോഗമനങ്ങൾ ലക്ഷ്യമാക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്.

ആഗസ്റ്റ് 25 ഞായറാഴ്ച 'ദൈവശാസ്ത്രാഭ്യസനം വിശ്വാസ പരിപോഷണത്തിന്' എന്നതാണ് ധ്യാന വിഷയം. വിശ്വാസത്തിന്റെ വിത്തുകളെ നശിപ്പിച്ചു കളയുന്ന നിരവധി സ്വാധീനങ്ങൾ ഇന്നു നമുക്ക് ചുറ്റും ശക്തമായി വരുന്നുണ്ടല്ലോ. ദൈവവിശ്വാസം ചോദ്യം ചെയ്യുന്ന നാസ്തിക ധാരകൾ മാത്രമല്ല, അന്ധ വിശ്വാസങ്ങളും അനാചാരങ്ങളും അദൈവങ്ങളും ഒക്കെത്തന്നെ സത്യവിശ്വാസത്തിന്റെ ശോഭ കെടുത്തികളയുന്നുണ്ട്. ആവിർഭവിച്ചു വരുന്ന ജീവിത സാഹചര്യങ്ങളിൽ ഉയർന്നു വരുന്ന ചോദ്യങ്ങൾക്കും ചർച്ചകൾക്കും വ്യക്തമായ മറുപടി പറയാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. വൈദിക പാഠശാലകളിൽ ഒതുങ്ങാതെ ഈ പരിജ്ഞാനം സാധാരണ ജനങ്ങളിലേക്ക് എത്തേണ്ടതുമുണ്ട്. കർത്താവിന്റെ കുരിശും അതിലൂടെയുണ്ടായ രക്ഷയും ഏറ്റു പറയുന്ന സഭാ മക്കളുടെ പുറപ്പാടാണ് നമ്മുടെ ദൈവശാസ്ത്രാഭ്യസനത്തിന്റെ ലക്ഷ്യം. ദൈവത്തിന്റെ കൃപയും പരിശുദ്ധാത്മ നടത്തിപ്പും അനുഭവമാകാൻ ദൈവം സഹായിക്കട്ടെ.

നമ്മുടെ കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

Theodosius
Malabar

പൂലാത്തീൻ
26.07.2024

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**